3. ടൗൺ പ്ലാനിംഗ് പദ്ധതികളിലെ ന്യൂനതകൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 22-12-2014-ലെ G.O.(Rt)No. 3428/2014/LSGD പ്രകാരം രൂപീകരിച്ച കമ്മിറ്റി 30-1-2015-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

a) അംഗീകൃത മാസ്റ്റർ പ്ലാനുകളുടെയും ഡീറ്റെയിൽഡ്ടൗൺ പ്ലാനുകളുടെയും മേഖലാ നിയന്ത്രണങ്ങൾ പരിഷ്കരിച്ച് 29-09-2015-ൽ G.O.(Ms)No. 305/2015/LSGD, G.O.(Ms) No.306/2015/LSGD എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

b) പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി 25-02-2015-ലെ G.O. (Rt) No.560/2014/LSGD, 03-09-2015-ലെ G.O.(Rt)No.2679/ 2014/LSGD എന്നീ ഉത്തരവുകൾ പ്രകാരം സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യ) സെക്രട്ടറിയാണ്. വിശദ നഗരാസൂത്രണപദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ആണ്.

നഗരസഭകളിലെ മാസ്റ്റർപ്ലാനുകൾ

97 (3300) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർ പ്രോജക്ട് സെൽ മുഖേന നടന്നുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം നഗരസഭകളിലെ മാസ്റ്റർപ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത് വിശദമാക്കാമോ;

(സി) കൊയിലാണ്ടി നഗരസഭയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് പ്രാവർത്തികമാക്കുക; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. നഗര-ഗ്രാമാസൂത്രണ നിയമ പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് (ജില്ലാ കാര്യാലയവും മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ കാര്യാലയവും) നിർവ്വഹിച്ച് വരുന്നു. ഈ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ Stake Holder റുമായിട്ടുള്ള ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നിവ പല ഘട്ടങ്ങളിൽ നടത്തുന്നു. വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു. ഇപ്രകാരമുള്ള വിവിധ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്ലാനുകൾ നഗരസഭ പ്രസിദ്ധീകരിക്കുകയും അതിന്മേൽ ലഭിക്കുന്ന ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകൃതമാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നു. പങ്കാളിത്ത സമീപനത്തോടെ പ്ലാൻ തയ്യാറാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പ്ലാനുകൾ തയ്യാറാക്കുന്നതിനും നിയമനടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കുന്നതിനും സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് മുഖ്യനഗരാസൂത്രകൻ (Planning)-ന്റെ മേൽനോട്ടത്തിൽ ഒരു പ്രോജക്ട് സെൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെൽ മുഖേന ആസൂത്രണ രംഗത്തുള്ളവരുടെ സേവനങ്ങളും പുതിയ വികസന സാങ്കേതിക മാർഗ്ഗങ്ങളും ഉപയുക്തമാക്കുകയും ജില്ലാ ഓഫീസുകളിലെ വികസന പദ്ധതികൾ സംബന്ധിച്ച പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യുന്നു. പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പ്രവർത്തന പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുന്നു.

പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ സുഗമമായ രൂപീകരണത്തിനായി പ്രോജക്ട് സെല്ലിന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Handouts, Toolkits, Guidelines എന്നിവ പുറപ്പെടുവിച്ചുവരുന്നു. (7 ടൂൾ കിറ്റുകൾ, 6 ഗൈഡ് ലൈനുകൾ, മാപ്പിന്റെ മാതൃകകൾ എന്നിവ)

(ബി) സംസ്ഥാനത്ത് 20 പട്ടണങ്ങൾക്ക് അംഗീകൃത മാസ്റ്റർ പ്ലാനുകളുണ്ട്. ടി പ്ലാനുകൾ താഴെപ്പറയുന്നവയാണ്.

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. കൊല്ലം
4. പരവൂർ
5. കോട്ടയം
6. ചങ്ങനാശ്ശേരി
7. വൈക്കം
8. കൊച്ചി
9. തൃശ്ശൂർ
10. ഗുരുവായൂർ
11. പാലക്കാട്
12. മലപ്പുറം
13. കോഴിക്കോട്
14. വടകര
15. തലശ്ശേരി
16. ഇടുക്കി ടൗൺ ഷിപ്പ്
17. കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് പ്ലാൻ
18. മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ
19. കോട്ടയം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ
20. ഡെവലപ്മെന്റ് പ്ലാൻ ഫോർ വെല്ലൂർ മുളകുളം ഏരിയ

(സി) കൊയിലാണ്ടി നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നടപടി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly